# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5030 30/06/2014-ൽ മറുപടിയ്ക്ക്

## ആധുനിക മത്സ്യമാർക്കറ്റുകൾ

| ചോദ്യം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. ഷാഫി പറമ്പിൽ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ആധുനിക മത്സ്യമാർക്കറ്റുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ സംസ്ഥാനത്ത് ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു. ഇതിൽ 39 മാർക്കറ്റുകളുടെ അംഗീകാരം നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ ഏഴ് മാർക്കറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം സൗകര്യങ്ങളാണ് മാർക്കറ്റുകളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) മാർക്കറ്റുകളിൽ മൊത്ത വിൽപ്പനക്കും ചില്ലറ വിൽപ്പനക്കും സംവിധാനം ഉണ്ട്. മത്സ്യം മുറിച്ച് വൃത്തിയാക്കി നൽകുന്നതിനാവശ്യമായ കട്ടിംഗ് സ്ലാബ്, സിങ്ക്, വെള്ളം കെട്ടി നിൽക്കാത്ത രീതിയിലുള്ള ഡ്രെയിനേജ്, എന്നീ സംവിധാനങ്ങളോടുകൂടിയ ഡിസ്പ്ലേ സ്റ്റാളുകളും ഒരു ഫ്ളേക് ഐസ് യൂണിറ്റും മലിനജല സംസ്കരണ പ്ലാന്റും ഉണക്ക മത്സ്യം വിപണനം ചെയ്യുന്നതിനായി കടമുറികളും ഒരു ഓഫീസ് മുറിയും ഉൾപ്പെടുത്തിയിരിക്കുന്നു. ശുചിത്വം ഉറപ്പാക്കുന്നതിനായി ഇൻഡസ്ട്രിയൽ ടൈൽസുകളാണ് തറയിൽ പാകിയിരിക്കുന്നത്. ആവശ്യാനുസരണമുള്ള പ്ലംബിംഗ് വർക്കുകളും ഇലക്ട്രിക് വർക്കുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടിവെള്ള സജ്ജീകരണവും വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവും മാർക്കറ്റിൽ ഒരുക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) മാർക്കറ്റിലെ മാലിന്യങ്ങൾ സംസ്ക്കരിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് മാർക്കറ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) ദ്രവമാലിന്യ സംസ്കരണത്തിനായി എല്ലാ മാർക്കറ്റുകളിലും മലിനജല സംസ്കരണ പ്ലാന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ആരുടെയെല്ലാം സംയുക്ത സംരംഭത്തിലാണ് ഇവയുടെ പ്രവർത്തനം നടക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) ദേശീയ മത്സ്യ വികസന ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മാർക്കറ്റുകൾ നിർമ്മിച്ച് പൂർത്തീകരിച്ചതിനുശേഷം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതും ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ